Volume- 08
Issue- 24
07 Nov. 2016

എമ്മാവൂസ്
വചനദൂത്

പള്ളിക്കൂദാശകാലം രണ്ടാം ഞായർ മത്താ 12:1-13

# നിയമമല്ല കരുണയാണ് വലുത്



Bro. Jojith Moolayil MCBS

**2016** ജൂലൈ ഒന്നാം തീയതി മലയാള മനോരമ പ്രസിദ്ധീകരിച്ച ഒരു വാർത്ത: കർശനമായ മതാനുഷ്ഠാനം പാലിക്കുന്ന സിക്കുമതവിശ്വാസിയായ അവ്താർ ഹോതി എന്ന 65 കാരൻ ടൊറന്റോയിൽ വച്ച് തണുത്തുറഞ്ഞ നദിയിൽ മുങ്ങിത്താഴുകയായിരുന്ന ബാലികയെ തന്റെ തലപ്പാവ് അഴിച്ചു നല്കി രക്ഷിക്കുന്ന നല്ല മാതൃക. സിഖ് മത പ്രകാരം പരസ്യമായി തലപ്പാവ് ഊരി മുടി പ്രദർശിപ്പിക്കുന്നത് കർശന വിലക്കുണ്ട്. എങ്കിലും, ആചാരത്തെയും നിയമത്തെയും കാൾ മനുഷ്യമഹത്വത്തിന് പ്രധാനം കൊടുക്കുന്ന ഒരു സംഭവം. മനുഷ്യനേക്കാളും മൃഗങ്ങൾക്കും നിയമങ്ങൾക്കും വിലകൊടുക്കുന്ന ഇന്നത്തെ സമൂഹത്തിന് യോജിച്ച വചനമാണ് ഇന്ന് നമ്മൾ വായിച്ച് കേട്ടത്. നന്മചെയ്യുന്നതിന് നിയമം നമ്മെ തടസ്സപ്പെടുത്തരുതെന്ന് ഇന്നത്തെ സുവിശേഷം നമ്മെ ഓർമ്മപ്പെടുത്തുന്നു.

മത്താ 12:1-13 വരെയുള്ള വാക്യങ്ങളിൽ നിയമലംഘകന്റെ വേഷമണിഞ്ഞ് പ്രത്യക്ഷപ്പെടുന്ന ഈശോയെയാണ് നാം കാണുന്നത്. ഒന്നാമതായി, സാബത്തിൽ നിഷിദ്ധമായത് ചെയ്ത തന്റെ ശിഷ്യരെ ന്യായീകരിച്ചുകൊണ്ട് ഈശോ നിയമത്തെ എതിർക്കുന്നു. രണ്ടാമതായി, ജോലികളൊന്നും അനുവദനീയമല്ലാ സാബത്തുദിവസം, ആരും ആവശ്യപ്പെടാതെതന്നെ രോഗശാന്തി നൽകിക്കൊണ്ട് യഹൂദരുടെ നിയമം ലംഘിക്കുകയും ചെയ്യുന്നു. നിയമത്തെ അതിൽത്തന്നെ സർവ്വമൂല്യമുള്ളതായിക്കണ്ട് മറ്റെല്ലാറ്റിനെയും, മനുഷ്യന്റെ അടിയന്തര ആവശ്യങ്ങളെപ്പോലും, അവഗണിച്ചുകൊണ്ട് അവയ്ക്കെല്ലാം മുകളിൽ നിയമത്തെ പ്രതിഷ്ഠിക്കുന്ന അന്ധമായ അനുഷ്ഠാനത്തെ നിശിതമായി വിമർശിക്കുന്ന ഈശോയുടെ ചിത്രമാണ് സുവിശേഷകൻ നമുക്ക് ചൂണ്ടിക്കാട്ടിത്തരിക.



ആദ്യത്തെ വിവാദത്തിന്റെ നിയമവശം തന്നെ ചിന്തിച്ചാൽ ശിഷ്യന്മാരുടെ പ്രവൃത്തി തെറ്റല്ല. കാരണം നിയ 23:25 പഠിപ്പിക്കുന്നു: അയല്ക്കാരന്റെ ഗോതമ്പുവയലിലൂടെ കടന്നുപോകുമ്പോൾ കൈകൊണ്ട് കതിരുകൾ പറിച്ചെടുത്തുകൊള്ളുക. എന്നാൽ അത് സാബത്തു ദിവസമായിരുന്നു എന്നതിനാലാണ് ഫരിസേയർ പ്രധാന്യം നൽകുക. സാബത്താചരണത്തെക്കുറിച്ച് ലേവ്യ 23:3 പറയുന്നു: ആറുദിവസം നിങ്ങൾ ജോലി ചെയ്യണം, ഏഴാം ദിവസം സമ്പൂർണ്ണ വിശ്രമത്തിനും വിശുദ്ധ സമ്മേളനത്തിനുമുള്ള സാബത്താണ്. അന്നു നിങ്ങൾ ജോലി ചെയ്യരുത്. ഈജിപ്തിന്റെ അടിമത്വത്തിൽ നിന്ന് ഇസ്രായേൽ ജനത്തെ ദൈവം മോചിപ്പിച്ചതിന്റെ നന്ദിസൂചകമായി ദൈവാരാധനയും വചനധ്യാനവും നടത്തുന്നതിന് പ്രത്യേകമാംവിധം മാറ്റിവയ്ക്കപ്പെട്ട ദിനമാണ് ഏഴാം ദിവസം. സൃഷ്ടിയുടെ വിവരണത്തിൽ ഏഴാം ദിവസം വിശ്രമിക്കുന്ന ദൈവത്തിന്റെ ചിത്രം ജനത്തിന് പ്രചോദനവുമായിത്തീരുന്നു.

വിശന്നപ്പോഴാണ് ശിഷ്യന്മാർ കതിരുകൾ പറിച്ച് തിന്നാൻ തുടങ്ങിയത്. വ്യാഖ്യാനപ്രകാരം ഇത് ഒരു നിയമലംഘനമല്ല, മറിച്ച് പല നിയമലംഘനങ്ങളുടെ

സമാഹാരമായ പ്രവൃത്തിയാണ്. കതിരുകൾ പറിക്കുന്നത് കൊയ്യുന്നതിന് തുല്യമാണ്. കൈകൊണ്ട് തിരുമ്മിപ്പൊടിക്കുന്നത് മെതിക്കുന്നതിന് തുല്യവും. ഇത് സാബത്തിൽ അധ്വാനിച്ചതിനെ സൂചിപ്പിക്കുന്നു. കതിരുപറിച്ച് തിന്നത് ഉപാസലംഘനവും.

ഇതിന് മറുപടിയായി ഈശോ ഉദ്ധരിക്കുന്ന സംഭവവും ശ്രദ്ധേയമാണ്. ദാവീദും അനുചരന്മാരും കാഴ്ചയപ്പം ഭക്ഷിക്കുന്നു. എന്താണ് കാഴ്ചയപ്പം? 12 അപ്പങ്ങൾ വിശുദ്ധ സ്ഥലത്ത് സൂക്ഷിക്കപ്പെട്ടിരുന്നു. ഇത് കേടാകുന്നതിനുമുമ്പ് പുരോഹിതൻ ഭക്ഷിക്കുമായിരുന്നു. ദാവീതിനോ അനുചരന്മാർക്കോ ഇതു ഭക്ഷിക്കാനനുവാദമില്ലായിരുന്നു. ദാവിദിനേക്കാൾ ശ്രേഷ്ഠനായ ഈശോയെയാണ് സുവിശേഷകൻ വെളിപ്പെടുത്തിത്തരിക. ദൈവശുശ്രൂഷ മാത്രമായിരുന്നു അനുവദിക്കപ്പെട്ടിരുന്ന ഏക ജോലി. അത് ചെയ്തിരുന്ന പഴയനിയമ പുരോഹിതരേക്കാൾ തന്റെ ശിഷ്യർക്ക് ശ്രേഷ്ഠത കല്പിച്ചു നല്കുകയാണ് ഈശോ.

സാബത്ത് മനുഷ്യനുവേണ്ടിയുള്ളതാണ് എന്ന വലിയ സത്യവും ഈശോ വ്യക്തമായി പ്രഖ്യാപിക്കുന്നു. നരബലിയിൽ സംപ്രീതനാകുന്ന വിജാതീയ ദൈവങ്ങൾക്കു മുമ്പിൽ മനുഷ്യരക്ഷയ്ക്കായി ദൈവം ബലിയാകുന്നതാണ് ക്രിസ്തീയതയുടെ പൊരുൾ. അതായത്, മനുഷ്യനെ താറടിക്കുന്നതെല്ലാം നമ്മുടെ ആത്മീയതയ്ക്കു വിരുദ്ധമാകുന്നു. അതുകൊണ്ടാണ് ക്രിസ്തീയ മിഷനറിമാർ ജാതിമതഭേദമെന്യേ, സുവിശേഷ പ്രഘോഷണത്തിനൊപ്പമോ ഒരുപക്ഷേ, അതിനേക്കാളുമപ്പുറമോ പ്രാധാന്യത്തിൽ മനുഷ്യോധാരണ പ്രവർത്തനങ്ങളിൽ മുഴക്കിയത്.

മനുഷ്യ മഹത്വം പ്രഘോഷിക്കാൻ ആഴ്ചയിലൊരിക്കൽ ദൈവം സ്ഥാപിച്ച തിരുനാളാണ് സാബത്ത്. ആറുദിവസം പണിയെടുത്ത ദൈവം ഏഴാം ദിവസം വിശ്രമിച്ചു എന്ന വചനം പറയുന്നത് ദൈവത്തിന്റെ വിശ്രമം ആഘോഷിക്കാനല്ല, മറിച്ച് എല്ലാ ദിവസവും കഠിനമായി അധ്വാനിച്ചു തളരുന്നു ദരിദ്രനും അടിമകൾക്കും ഒരു ദിനമെങ്കിലും വിശ്രമിക്കാനായിരുന്നു. അല്ലെങ്കിലും, ദൈവത്തിനെന്തിനാണ് വിശ്രമം? സങ്കി 12:4 പറയുന്നു: ''ഇസ്രയേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല.''

യഹൂദ നിയമപ്രകാരം സാബത്തിനാവശ്യമായ ഭക്ഷണം തലേന്ന് പാകപ്പെടുത്തിവയ്ക്കണം. എന്നാൽ, സ്വന്തമായൊന്നുമില്ലാത്ത ദരിദ്രനെപ്പറ്റി നിയമമോ അതുണ്ടാക്കിയ റബ്ബിമാരോ ചിന്തിച്ചില്ല. നമ്മുടെ ഇന്നത്തെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിലും ഏറെ പ്രസക്തമാണ് ഇന്നത്തെ തിരുവചനം കഴിഞ്ഞ വർഷത്തെ പ്രധാന വിവാദ വിഷയം മനുഷ്യനേക്കാൾ പശുവിന് മൂല്യം കൊടുക്കുന്ന അന്ധമായ ചില തത്വസംഹിതകളെ ചുറ്റിപ്പറ്റിയായിരുന്നു. മനുഷ്യന്റെ മഹത്വത്തെ മാനിക്കാത്ത പശുവിന്റെ പേരുപറഞ്ഞ് ഗോമാംസം ഭക്ഷിച്ചതിന്റെ പേരിൽ മുഹമ്മദ് അലിഖാൻ എന്ന മനുഷ്യനെ മതഭ്രാന്തന്മാർ അടിച്ചുകൊന്ന വാർത്ത, നമ്മുടെ മനസ്സിൽനിന്ന് മാഞ്ഞുപോയിട്ടുണ്ടാവില്ല. ഇക്കഴിഞ്ഞ നാളുകളിൽ വിവാദങ്ങൾക്ക് വഴിതെളിച്ചത് മനുഷ്യന്റെ മുറിവുകളെയും വേദനകളെയും വകവയ്ക്കാതെ പട്ടിയുടെ അവകാശങ്ങൾക്കുവേണ്ടി ഉയർന്ന സ്വരങ്ങളാണ്. ആടിനെക്കാൾ എത്രയോ വിലപ്പെട്ടവനാണ് മനുഷ്യൻ എന്നരുളിയവൻ ''പട്ടിയെക്കാൾ എത്രയോ വിലപ്പെട്ടവനാണ് മനുഷ്യൻ'' എന്ന് ഇന്നത്തെ സമൂഹത്തെ നോക്കി പറഞ്ഞേക്കും.''

ഇന്നത്തെ സമൂഹത്തിന്റെ അന്ധമായ അനുഷ്ഠാനങ്ങളെ വിമർശിക്കുമ്പോഴും, ചില നല്ല മാതൃകകൾ നമുക്കു കണ്ടില്ലെന്ന് നടിക്കാനാവില്ല.

സാബത്തിനെപ്പറ്റിയുള്ള വിവാദങ്ങൾ കത്തിനിൽക്കുന്ന സമയത്തും സമയമോ കാലമോ സ്ഥലമ നിയമമോ നമ്മെ തടസ്സപ്പെടുത്താൻ പാടില്ല എന്ന് അസന്നിഗ്ധമായി പ്രഖ്യാപിക്കുകയാണ്. മരണകരമായ അപകത്തിൽ പെട്ടവനെ മാത്രമേ രക്ഷിക്കാൻ നിയമം സാബത്തു ദിവസം അനുവദിക്കുന്നുള്ളൂ. കൈ ശോഷിച്ചത് മരണകരമായ അവസ്ഥയല്ല, അടിയന്തര സഹായവും ആവശ്യമില്ല. എങ്കിലും ഈശോ സൗഖ്യം നൽകുന്നു. കാരണം നന്മ ചെയ്യുക എപ്പോഴും അനുവദനീയമാണ്. ഇന്നു ചെയ്യേണ്ടത് ഇന്നുതന്നെ ചെയ്യണം. നീട്ടിവച്ചാൽ ഒരുപക്ഷേ, പലതും നമുക്ക് കഴിഞ്ഞില്ലെന്നുവരും. ഉപേക്ഷിക്കേണ്ട പാപസാഹചര്യങ്ങൾ ഇന്ന് ഉപേക്ഷിക്കണം. ആരോടെങ്കിലും ക്ഷമിക്കാനുണ്ടെങ്കിൽ ഇന്ന് ക്ഷമിക്കണം. നമ്മുടെ പ്രവർത്തനങ്ങൾ വെറും നിയമാനസൃതങ്ങൾ മാത്രമായി ഒതുങ്ങിപ്പോകാതിരിക്കട്ടെ. നമ്മുടെ നിയമപാലനങ്ങൾ നിയമത്തെക്കാളുപരി ദൈവസ്നേഹത്തെയും സഹോദരസ്നേഹഗത്തെയും മുൻനിർത്തിയുള്ളതാവട്ടെ. കൈ ശോഷിച്ചവൻ കൈനീട്ടുമ്പോൾ ഈശോ അത് സൗഖ്യമാക്കിപ്പകർത്തി. ഈശോ കുരിശിൽ കൈവരിച്ചപ്പോൾ അവൻ കരുണയുടെ ബലിയായി, കുർബ്ബാനയായി. പരിശുദ്ധ കുർബ്ബാനയിലെ ഈശോ നമ്മെ സൗഖ്യപ്പെടുത്തട്ടെ; സൗഖ്യദായകരാകാൻ നമ്മെയും അനുഗ്രഹിക്കട്ടെ.

